## പതിമൂന്നാം കേരള നിയമസഭ - ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1898 17/12/2012 - ൽ മറുപടിക്ക്

## ഉൾനാടൻ മത്സ്യകൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി എ. മാധവൻ:<br>" റ്റി. എൻ. പ്രതാപൻ:<br>" പാലോട് രവി:<br>" കെ. ശിവദാസൻ നായർ: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) കേരളത്തിൽ ഉൾനാടൻ മത്സ്യ കൃഷി വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;<br><br>(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; | (എ) യും (ബി) യും കേരളത്തിൽ ഉൾനാടൻ മത്സ്യകൃഷി വികസന പദ്ധതി വ്യാപകമാക്കുന്നതിന് 2008-2012 കാലയളവിൽ നടപ്പിലാക്കിയ മത്സ്യകേരളം പദ്ധതിയുടെ തുടർ പദ്ധതിയെന്ന നിലയിൽ 2012-15 വർഷത്തിൽ സർക്കാർ ഫിഷറീസ് വകുപ്പ് വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് മത്സ്യസമൃദ്ധി.<br><br>കേരളത്തിലെ ഉൾനാടൻ മത്സ്യോല്പാദനം 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടൺ ആയി ഉയർത്തുന്നതിന് ലക്ഷ്യമിട്ട് കേരളത്തിലെ 14 ജില്ലകളിലെ 800 ഓളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെട്ട ശുദ്ധജല/ഓരുജല പ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിലേക്കായി 194.17 കോടി രൂപ മൊത്തം അടങ്കലും 12,000 ഹെക്ടർ |

കൃഷി വ്യാപനവും 20 ലക്ഷത്തിലധികം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കലും ഉല്പാദനവും വർദ്ധനവും കൃഷിരീതിയിലെയും മത്സ്യ ഇനങ്ങളിലെയും വൈവിധ്യവൽക്കരണവും ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

അഡാക്ക് മുഖേന ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി കുട്ടനാടൻ പാടശേഖരങ്ങളിലും കോൾ പടവുകളിലും നെൽകൃഷിക്ക് ശേഷമുള്ള ഇടവേളകളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി, പൊക്കാളി പാടങ്ങളിലെ പരിസ്ഥിതി സൗഹൃത ചെമ്മീൻ കൃഷി പദ്ധതി, കൈപ്പാടു നിലങ്ങളിലെ നെൽ ചെമ്മീൻ കൃഷി, കൂടുകളിലെ മത്സ്യ കൃഷി, വളപ്പുകളിലെ (പെൻ) മത്സ്യ കൃഷി, ജലസംഭരണികളിലെ മത്സ്യകൃഷി എന്നിവ നടപ്പിലാക്കി വരുന്നു.

ഈ പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതിലൂടെ 67750 ടൺ ശുദ്ധ ജലമത്സ്യം, 6875 ടൺ ശുദ്ധജല കൊഞ്ച്, 7500 ടൺ ചെമ്മീൻ, 900 ടൺ ഞണ്ട്, 300 ടൺ കരിമീൻ എന്നിവ അധികമായി ഉത്പാദിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനുള്ള പദ്ധതിയിലൂടെ വിവിധ ഇനങ്ങളിലായി 150 ടൺ അധിക ഉല്പാദനവും ലക്ഷ്യമിടുന്നു. ഇതിലൂടെ 451.50 കോടി രൂപ അധിക വരുമാനം ഉണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു. അഡാക്ക് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

മൂലം സംസ്ഥാനത്തെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുവാനും അതുമൂലം കർഷകരുടെ ആളോഹരി വരുമാനം വർദ്ധിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികൾ/ കർഷകരുടെ തൊഴിൽ ദിനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

(സി) മത്സ്യകുഞ്ഞുങ്ങളുടെ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ;

(സി) മത്സ്യ കുഞ്ഞുങ്ങളുടെ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള നാഷണൽ ഫിഷ് സീഡ് ഫാം മലമ്പുഴ (150 ലക്ഷം ഉൽപ്പാദനശേഷി), ഫിഷറീസ് കോംപ്ലക്സ് പന്നിവേലിച്ചിറ (30 ലക്ഷം ഉൽപ്പാദനശേഷി), നാഷണൽ ഫിഷ് സീഡ് ഫാം പോളച്ചിറ (70 ലക്ഷം ഉൽപ്പാദനശേഷി), എഫ്.എഫ്.ഡി.എ. ഹാച്ചറി നെയ്യാർ ഡാം (6 ലക്ഷം ഉൽപ്പാദനശേഷി), ഗവൺമെന്റ് മോഡൽ ഫിഷ് ഫാം പള്ളം (15 ലക്ഷം ഉൽപ്പാദനശേഷി), നീണ്ടകര ഹാച്ചറി (105 ലക്ഷം ഉൽപ്പാദനശേഷി), റീജിയണൽ ഷ്രിംപ് ഹാച്ചറി അഴീക്കോട് (110 ലക്ഷം ഉൽപ്പാദനശേഷി) എന്നീ ഹാച്ചറികളിൽ നിന്ന് മത്സ്യ/ചെമ്മീൻ-ആറ്റുകൊഞ്ച് കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തു വരുന്നു. മത്സ്യോല്പാദനവുമായി ബന്ധപ്പെട്ട് മത്സ്യസമൃദ്ധി പദ്ധതി വഴി നടപ്പിലാക്കുന്ന പ്രധാന ഘടകങ്ങൾ കുളത്തിലേയും ഇതര ജലസംഭരണികളിലേയും ശുദ്ധജല മത്സ്യകൃഷി, പാടശേഖരങ്ങളിലേയും, കോൾ പാടങ്ങളിലേയും മത്സ്യ /ചെമ്മീൻ കൃഷി/സംയോജിത മത്സ്യ

കൃഷി, പൊക്കാളി/കൈപ്പാട് നിലങ്ങളിലേയും സ്വകാര്യ കുളങ്ങളിലേയും ചെമ്മീൻ കൃഷി, കരിമീൻ കൃഷി, കൂടുകളിലെ കരിമീൻ കൃഷി, ഞണ്ട്/ കല്ലുമ്മേക്കായ കൃഷി, പൊതു ജലാശയങ്ങളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, അടുക്കള കുളങ്ങൾ, മത്സ്യകൃഷി പരിപാലന/ ബോധവൽക്കരണ പരിപാടികൾ സൗജന്യ വിള ഇൻഷ്വറൻസ്, മികച്ച കർഷകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം, കർഷകർക്ക് ആവശ്യമായ കൈപ്പുസ്തകം തയ്യാറാക്കൽ എന്നിവയാണ്.

ലോക്കൽ മാർക്കറ്റുകൾ താല്ക്കാലിക വിപണനകേന്ദ്രങ്ങൾ ഫിഷ് ഫെസ്റ്റിവെലുകൾ, മത്സ്യഫെഡിന്റെ ഫിഷ്കിയോസ്ക്കുകൾ എന്നിവ മുഖേന വിപണനം നടത്തുന്നതിന് ഈ പദ്ധതി മുഖേന ലക്ഷ്യമിടുന്നു.

അഡാക്കിന്റെ കീഴിൽ വർക്കലയിലെ ഓടയത്ത് പ്രവർത്തിച്ചു വരുന്ന ഹാച്ചറിയിൽ ഗുണമേന്മയുള്ള ചെമ്മീൻ/ ആറ്റുകൊഞ്ചു കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തു വരുന്നു.

മത്സ്യ ഫെഡ് കൊല്ലം ജില്ലയിലെ തിരുമുല്ലവാരം, തൃശ്ശൂരിലെ കൈപ്പമംഗലം, മലപ്പുറം ജില്ലയിലെ വെളിയംകോട്, കണ്ണൂരിലെ മാപ്പിളബേ എന്നിവിടങ്ങളിൽ നാലു ചെമ്മീൻ വിത്തുൽപ്പാദന

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം നടത്തി വരുന്നു. |
| (ഡി) | ഇതിനായി എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ? | (ഡി) | ആർ.കെ.വി.വൈ, എഫ്.എഫ്.ഡി.എ എന്നിവിടങ്ങളിൽ നിന്നുള്ള കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ